പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 177

27/06/2011 ൽ മറുപടിക്ക്

## പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ ഒഴിവാക്കാൻ നടപടി

**ചോദ്യം** | **ഉത്തരം**

ശ്രീ കെ.കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ടി.എം ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പാചക വാതക വിതരണത്തിലെ ക്രമക്കേട് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എ) പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ ഗ്യാസ് ഏജൻസികൾ തോറും നിരന്തരം പരിശോധനകൾ നടത്താൻ വകുപ്പിലെ ഫീൽഡ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് പുറമേ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ കീഴിലുള്ള സംസ്ഥാന തല അന്വേഷണ സംഘം അവശ്യവസ്തുക്കളുടെ ദുരുപയോഗവും വിതരണത്തിലെ ക്രമക്കേടുകളും കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ഉടനീളം മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ 2000 ലെ എൽ.പി.ജി.റഗുലേഷൻ ഓർഡർ പ്രകാരവും 1955 ലെ അവശ്യ വസ്തു നിയമപ്രകാരവും ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഓയിൽ കമ്പനികൾ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്‌ലൈൻസ് പ്രകാരം പ്രസ്തുത ഗ്യാസ് ഏജൻസികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അഡീഷണൽ ഗ്യാസ് സിലിണ്ടറുകൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് സിലിണ്ടർ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | 2011 ഒക്ടോബർ മുതൽ IOC യുടെ ബോട്ട്ലിംഗ് കപ്പാസിറ്റി 20% വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടെന്നും IOC യുടെ കൊല്ലത്തുള്ള ബോട്ട്ലിംഗ് പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി നടന്നുവരുന്നതായും ഈ പദ്ധതികൾ പൂർത്തിയായാൽ പാചക വാതക വിതരണം കൂടുതൽ സുഗമമാകുമെന്നും ഓയിൽ കമ്പനി കളുടെ സംസ്ഥാനതല കോ ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പാചക വാതക വിതരണം സുഗമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | എൽ.പി.ജി.വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഓപ്പൺ ഫോറങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികളും അഭിപ്രായങ്ങളും ഓപ്പൺ ഫോറങ്ങളിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. കൂടാതെ Consumer Help line മുഖേന ഉപഭോക്താക്കളുടെ പരാതികൾ ഉടൻ പരിഹരിക്കുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ടോൾ ഫ്രീ നമ്പറായ 1800 - 425 - 1550 -ൽ പരാതി പ്പെടാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.